# II അടിയന്തരപ്രമേയം

## സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് അഖിലേന്ത്യാ മെഡിക്കൽ കൗൺസിലുകളുടെ അംഗീകാരം

മി. സ്പീക്കർ: സർക്കാരുമായി കരാർ ഒപ്പുവച്ച പല സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്കും അഖിലേന്ത്യാ കൗൺസിലുകളുടെ അംഗീകാരം ലഭിക്കാത്തതിന്റെ പേരിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ, സർക്കാർ-സ്വകാര്യ ഡെന്റൽ കോളേജുകൾ, ആയുർവ്വേദ/ഹോമിയോ/സിദ്ധ/കോളേജുകൾ, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങളിലെ ഓപ്ഷനും അലോട്ടുമെന്റും നടത്താതിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ഡി. സതീശൻ, ജോസഫ് എം. പുതുശ്ശേരി, കെ. കുട്ടി അഹമ്മദ് കുട്ടി, കെ. പി. മോഹനൻ, കെ. ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30. A.M]

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, അടിയന്തര പ്രമേയനോട്ടീസ് അങ്ങ് വായിച്ചു. ഇത് ഇവിടെ ഉന്നയിക്കേണ്ട ഒരു പ്രശ്നം തന്നെയാണ്. അത് ഉന്നയിക്കേണ്ടതാണ്, മറുപടി പറയേണ്ടതാണ്. പക്ഷേ അത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നുള്ളതു മാത്രമേ പറയാനുള്ളു. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല എന്നു പറഞ്ഞാൽ പിന്നെ എങ്ങനെയാണ് ചർച്ചയാകുന്നത്? അത് ഒരു വലിയ കണ്ടുപിടിത്തമാണ്. അങ്ങ് ഉപദേശിക്കണം. ആദ്യഘട്ടത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അലോട്ടുമെന്റ് നടത്താൻ കഴിയാതിരുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ചില കോളേജുകൾക്ക് നൽകിയിരുന്ന അംഗീകാരം പിൻവലിച്ചതുകൊണ്ടാണ്. അസീസിയ, എസ്.യു.ടി എന്നീ രണ്ട് മെഡിക്കൽ കോളേജുകൾ ഒഴികെ മറ്റ് മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭിച്ചതായി അറിഞ്ഞിട്ടുണ്ട്. ആയുർവ്വേദ കോളേജുകൾ സംബന്ധിച്ച അറിയിപ്പ് ഇപ്പോഴും ലഭിച്ചിട്ടില്ല. സർക്കാർ മെഡിക്കൽ കോളേജുകളിലും സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലും നാല് ഘട്ടം അലോട്ടുമെന്റ് നടത്തിയിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്ന് വളരെ ജാഗ്രതയോടുകൂടി കാര്യങ്ങൾ ചെയ്തു എന്ന ഒരു കാര്യം ആമുഖമായി ശ്രീ. വി. ഡി. സതീശനെ അറിയിക്കുകയാണ്. അത് മാത്രമല്ല അങ്ങ് മനസ്സിലാക്കേണ്ടത്, എഞ്ചിനീയറിംഗ് കോളേജിൽ അലോട്ടുമെന്റ് നടത്തി ജൂലൈ 21-നുതന്നെ ക്ലാസ്സുകളും തുടങ്ങിയിട്ടുണ്ട്. ഈ വർഷം വളരെ പ്ലാനോടുകൂടി ജാഗ്രതയോടുകൂടിയാണ് സംസ്ഥാന ഗവൺമെന്റ് കാര്യങ്ങൾ നടത്തുന്നത്. പക്ഷേ കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾക്ക് അപ്പുറമാണ്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിനെ കുറിച്ച് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയേണ്ടല്ലോ? അവിടെ അഴിമതിയുടെ കൂത്തരങ്ങാണ്. കേന്ദ്ര ഗവൺമെന്റ് ശക്തമായി നടപടിയെടുത്തു. കൗൺസിൽ പിരിച്ചുവിട്ടു. അതിന്റെ ഫലങ്ങൾ കൂടിയാണ് നാം അനുഭവിക്കുന്നത് എന്നുള്ളത് മനസ്സിലാക്കണം. ഇപ്പോൾ ഈ അലോട്ടുമെന്റിന്റെ കാര്യം പറഞ്ഞു. മെഡിക്കൽ സ്ട്രീമിലുള്ള എം.ബി.ബി.എസ്., ആയുർവ്വേദം, ഹോമിയോ, സിദ്ധ, ബി.ഡി.എസ്, അഗ്രിക്കൾച്ചർ തുടങ്ങിയ കോഴ്സുകൾക്ക് ഒന്നിച്ച് അലോട്ട്മെന്റ് തുടങ്ങിയില്ലെങ്കിൽ അതിന്റേതായ പ്രശ്നങ്ങൾ കുട്ടികൾക്കുണ്ടാകും. ഇത് ഇന്റർ കണക്ടഡ് ആണ്. വിദ്യാർത്ഥികൾക്ക് അതിന്റേതായ ബുദ്ധിമുട്ടുകളുണ്ടാകും. മെഡിക്കൽ കൗൺസിലിൽ ഉണ്ടായ പ്രശ്നങ്ങളാണ് ഇതിനെല്ലാം കാരണമായിട്ടുള്ളത്. നമുക്ക് ഇപ്പോൾ സമയമുണ്ട്. സെപ്റ്റംബർ 30 വരെ സമയമുണ്ടെങ്കിലും ഇപ്പോൾ ഉണ്ടായ പ്രശ്നങ്ങൾക്ക് കാരണം ഇതാണ്. ഇക്കാര്യത്തിൽ ശക്തമായ വിമർശനവും അമർഷവും നമുക്കുണ്ട്. കേന്ദ്ര കൗൺസിലുമായി സംസ്ഥാനത്തെ എൻട്രൻസ് പരീക്ഷാ കമ്മീഷണർ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ജോലിതന്നെ ഇപ്പോൾ ഇതാണ്. 24 മണിക്കൂറും അദ്ദേഹം ഇതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് അംഗീകാരം ലഭിക്കും. ഒരാഴ്ചയ്ക്കകം അലോട്ടുമെന്റ് നടത്താൻ കഴിയുമെന്നാണ് എൻട്രൻസ് കമ്മീഷണർ രാവിലെ അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ വസ്തുതകളും നിജസ്ഥിതിയും മനസ്സിലാക്കി മുന്നോട്ടുപോകണം. ഇത് ഭരണപക്ഷത്തിന്റേയോ പ്രതിപക്ഷത്തിന്റേയോ പ്രശ്നമല്ല. ഒരു വീഴ്ചയും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, മെഡിക്കൽ പ്രവേശന പരീക്ഷാ ഫലം വന്ന് ഒരു മാസം കഴിഞ്ഞിട്ടും മെഡിക്കൽ കോഴ്സുകളുടേയും അഗ്രിക്കൾച്ചറൽ കോഴ്സുകളുടേയും പ്രവേശനത്തിന്റെ പ്രതിസന്ധി പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഇവിടെ നോട്ടീസ് കൊടുത്തപ്പോൾ നമ്മുടെ മെഡിക്കൽ കൗൺസിലിൽ ഉണ്ടായ കുഴപ്പങ്ങളാണ് ഇതിനെല്ലാം കാരണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ ദൗർഭാഗ്യകരമാണ്. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പല കോളേജുകൾക്കും സ്ഥാപനങ്ങൾക്കും അംഗീകാരം പിൻവലിച്ചതിനുള്ള പ്രധാനപ്പെട്ട കാരണം ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്തതും മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടുമാണ്. അത് കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ പ്രവേശനത്തിന് പ്രതിസന്ധിയുണ്ടാക്കി എന്നത് വളരെ ദുർബലമായ വാദമാണ്. ഇവിടെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ, സർക്കാർ-സ്വകാര്യ ഡെന്റൽ കോളേജുകൾ, ആയുർവേദ-ഹോമിയോ-സിദ്ധ-കോളേജുകൾ, കാർഷിക സർവ്വകലാശാലയിലെ വിവിധ കോഴ്സുകൾ ഇവയിലൊന്നും ഇതുവരെ ഓപ്ഷൻ കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. മെഡിക്കൽ പ്രവേശന പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽ 61,040 വിദ്യാർത്ഥികളാണുള്ളത്. ഇതിൽ എംബിബിഎസ് യോഗ്യതാ മാർക്ക് നേടിയ പതിനൊന്നായിരം വിദ്യാർത്ഥികൾക്കു മാത്രമേ ഇതുവരെ ഓപ്ഷൻ നൽകുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുള്ളൂ. ഈ സർക്കാരുമായി കരാർ ഒപ്പു വയ്ക്കുമ്പോൾ അഞ്ച് മെഡിക്കൽ കോളേജുകൾക്ക് അംഗീകാരംപോലും ഉണ്ടായിരുന്നില്ല. വിവിധ മെഡിക്കൽ-ഡെന്റൽ-ആയുർവ്വേദ-ഹോമിയോ-കോളേജുകൾക്കു പലതിനും അഖിലേന്ത്യാ കൗൺസിലുകളുടെ അംഗീകാരം ഇല്ലാത്ത സമയത്താണ് ഈ ഗവൺമെന്റ് ഈ സ്വാശ്രയ-പ്രൊഫഷണൽ കോളേജുകളുമായി കരാറിൽ ഏർപ്പെട്ടത്. അംഗീകാരം കിട്ടാത്തവരുമായി കരാർ ഒപ്പുവച്ച സർക്കാർ ഇപ്പോൾ അവരുടെ അംഗീകാരം കിട്ടുന്നതിനുവേണ്ടി കാത്തിരിക്കുന്ന വളരെ ദയനീയമായ അവസ്ഥയാണ് കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. രണ്ട് മെഡിക്കൽ കോളേജുകൾക്കും കുറേ ആയുർവ്വേദ-ദന്തൽ കോളേജുകൾക്കും സിദ്ധ-ഹോമിയോ കോളേജുകൾക്കും അഖിലേന്ത്യാ കൗൺസിലുകൾ അംഗീകാരം കൊടുത്തിട്ടില്ല. ഇതിന്റെ ഫലമായി മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം കാത്തിരുന്ന ഒരു വിഭാഗം വിദ്യാർത്ഥികൾ അയൽ സംസ്ഥാനങ്ങളിലേക്ക് പോയി. നിങ്ങൾ അതാണ് ആഗ്രഹിക്കുന്നത്. അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മാഫിയ അഡ്മിഷൻ സീറ്റുകൾ ബാക്കി കിടന്നിരുന്ന അവിടത്തെ കോളേജുകളിൽ മുഴുവൻ ഇവിടെ വന്ന് റിക്രൂട്ട് ചെയ്യുകയും ഇപ്പോൾ വീണ്ടും അവരുടെ കോഴ വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. കേരളത്തിൽനിന്നുള്ള വിദ്യാർത്ഥികൾ അങ്ങോട്ട് വീണ്ടും ഒഴുകുവാൻ തുടങ്ങിയിരിക്കുകയാണ്. സർക്കാർ സീറ്റിൽ എം.ബി.ബി.എസ്. പ്രവേശനം ഉറപ്പായ ചിലർ അനിശ്ചിതത്വംമൂലം ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള നാല് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടി. ഭാവിയിൽ അവർക്ക് സർക്കാർ സീറ്റ് ലഭിക്കുമ്പോൾ അവിടെ അഡ്മിഷൻ നേടിയ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽനിന്ന് ഇങ്ങോട്ട് മാറിപ്പോരുന്നതിന് സാങ്കേതികമായ ഒരുപാട് പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ എഞ്ചിനീയറിംഗ് കോളേജുകളിൽ നാല് അലോട്ടുമെന്റുകൾ നടത്തി എന്ന് പറയുന്നത് അഭിമാനത്തോടെയാണ്. എഞ്ചിനീയറിംഗിന്റെ നാല് അലോട്ട്മെന്റുകൾ നടത്തിയതാണ് വലിയ കുഴപ്പങ്ങൾക്ക് കാരണം. രണ്ട് പ്രവേശന പരീക്ഷകളും എഴുതുന്ന കുട്ടികളുണ്ട്. ബയോ-മാത്സ് എന്ന സബ്ജക്ട് എഴുതിയാൽ മെഡിസിനും എഞ്ചിനീയറിംഗിനും പ്രവേശനം കിട്ടും. മെഡിസിന് അഡ്മിഷൻ ഉറപ്പായ കുറേ കുട്ടികൾ ഇപ്പോഴുണ്ടായിട്ടുള്ള അനിശ്ചിതത്വംമൂലം എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ചേർന്നിരിക്കുകയാണ്. നാല് അലോട്ട്മെന്റും കഴിഞ്ഞു. ഈ ഗവൺമെന്റ് സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുവാൻ ഒരു വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. നാലാമത്തെ അലോട്ട്മെന്റ് കഴിഞ്ഞിട്ട് കുട്ടികൾ വേറെ കോളേജിലേക്ക് മാറിപ്പോയാൽ വൻ തുക പിഴയായി ചുമത്തും. മുഴുവൻ ഫീസും അതായത്, അവർ പഠിക്കുന്ന കോഴ്സിന്റെ എല്ലാ വർഷത്തേയും ഫീസ് ചുമത്തും. സർക്കാരിന്റെ കുഴപ്പം കൊണ്ട്, അവരുടേതല്ലാത്ത കുഴപ്പംകൊണ്ട് നാലാമത്തെ അലോട്ട്മെന്റിൽ കയറിയിരിക്കുന്ന ഈ കുട്ടികൾക്ക് നാളെ ഇവർ ഓപ്ഷൻ കൊടുത്ത് അലോട്ട്മെന്റ് ലഭിക്കുമ്പോൾ മെഡിക്കൽ കോളേജുകളിൽ വന്ന് ചേരണമെങ്കിൽ അവർ

LIBRARY ARCHIVES Kerala Legislative Assembly

വൻതുക ഫീസായി നൽകേണ്ടിവരും. ഈ സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുവാനാണ് എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റിന് ഇങ്ങനെയൊരു വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളത്. യഥാർത്ഥത്തിൽ ആദ്യ വർഷം ചില കുട്ടികൾ പോയാലും ആദ്യ വർഷ ഫീസ് വാങ്ങി രണ്ടാമത്തെ വർഷത്തേക്ക് പോളിടെക്നിക് പാസ്സായ കുട്ടികൾക്ക് ലാറ്ററൽ എൻട്രിവഴി എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിക്കുമ്പോൾ ഒഴിവായ സീറ്റുകൾ നികത്താൻ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജുമെന്റുകൾക്ക് കഴിയുമെന്നിരിക്കെ വീണ്ടും ഈ കുട്ടികളുടെ കയ്യിൽനിന്ന് അവർ പഠിക്കുന്ന മുഴുവൻ വർഷത്തെയും ഫീസ് വാങ്ങുന്ന ഈ പകൽ കൊള്ളയ്ക്ക് സർക്കാർ കൂട്ടുനിൽക്കരുത്.

യഥാർത്ഥത്തിൽ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും രണ്ട് സഹകരണ മെഡിക്കൽ കോളേജുകളിലും മാത്രമേ എം.ബി.ബി.എസ്. പ്രവേശനം നടന്നിട്ടുള്ളൂ. ഈ ഗവൺമെന്റ് വച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ച് ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള സ്വാശ്രയ മെഡിക്കൽ കോളേജിൽ ചേർന്ന കുട്ടികൾക്ക് സർക്കാർ സീറ്റിൽ അഡ്മിഷൻ കിട്ടിയാലും അവരും അഞ്ച് വർഷത്തെ വൻ തുകയായ ഫീസ് മുഴുവൻ കൊടുക്കേണ്ട ഗതികേടാണ് ഇപ്പോഴുള്ളത്. മെഡിക്കൽ, അഗ്രിക്കൾച്ചർ, നഴ്സിംഗ് തുടങ്ങിയ കോഴ്സുകളിൽ പ്രവേശനം ഉറപ്പായ വിദ്യാർത്ഥികൾ പോലും അനിശ്ചിതത്വം മൂലം ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഡിഗ്രി കോഴ്സിന് ചേർന്നിരിക്കുകയാണ്. അതാണ് ഏറ്റവും വലിയ താളപ്പിഴയുണ്ടായിരിക്കുന്നത്. മെഡിസിന് അഡ്മിഷൻ കിട്ടുമോ അല്ലെങ്കിൽ മെഡിസിന് താഴെയുള്ള മറ്റ് കോഴ്സുകൾക്ക് കിട്ടുമോ എന്നുള്ള ഭയംമൂലം ഈ കുട്ടികൾ ഡിഗ്രി കോഴ്സിന് ചേർന്നിരിക്കുന്നു. പ്ലസ്ടുവിന് എൺപതും എൺപത്തിയഞ്ചും ശതമാനം മാർക്കുള്ള നൂറു കണക്കിന് കുട്ടികൾ പുറത്ത് നിൽക്കുകയാണ്. ഡിഗ്രി കോഴ്സിനു ചേർന്ന കുട്ടികൾ നാളെ എം.ബി.ബി.എസ്.-നോ മറ്റേതെങ്കിലും മെഡിക്കൽ കോഴ്സിനോ അഡ്മിഷൻ കിട്ടി ഇങ്ങോട്ട് മാറുമ്പോൾ പുറത്തു നിൽക്കുന്ന കുട്ടികൾക്ക് ആർട്സ് ആന്റ് സയൻസ് കോളേജിൽ കയറാൻ കഴിയുമോ? അപ്പോഴേക്കും യൂണിവേഴ്സിറ്റികൾ അഡ്മിഷൻ ക്ലോസ് ചെയ്യുന്ന സമയം കഴിഞ്ഞിരിക്കും. ഇപ്പോൾത്തന്നെ സമയം കഴിഞ്ഞിരിക്കുകയാണ്. ആയിരക്കണക്കിന് ഡിഗ്രി വിദ്യാർത്ഥികൾ അഡ്മിഷൻ കിട്ടാതെ പുറത്ത് നിൽക്കുന്ന സാഹചര്യം കൂടി ഇതുവഴി ഉണ്ടായിരിക്കുകയാണ്. പ്രൊഫഷണൽ കോഴ്സിൽ പ്രവേശനം കിട്ടുന്നതോടുകൂടി ഈ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്ന സ്ഥിതിയാകും. മെഡിക്കൽ കോളേജുകൾക്ക് പുറമെ ഡെന്റൽ-ആയുർവ്വേദ-ഹോമിയോ-സിദ്ധ കോളേജുകളുടെ അംഗീകാരം സംബന്ധിച്ച രേഖകൾ എൻട്രൻസ് കമ്മീഷണർക്ക് ലഭിച്ചാലേ ഓപ്ഷനും രജിസ്ട്രേഷനും അലോട്ട്മെന്റും നടത്തുകയുള്ളൂ എന്നുള്ള നിലപാട് സർക്കാർ സ്വീകരിക്കുകയാണ്. സർക്കാരിന് അല്ലാതെ പോംവഴിയുണ്ട്. സർക്കാർ നാലഞ്ച് സ്വാശ്രയ സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടിയാണ് ഡിലേ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

വരുത്തിയിരിക്കുന്നത്. അവർക്ക് ഇപ്പോൾ ഓപ്ഷൻ വാങ്ങിക്കാം. ഓപ്ഷൻ വാങ്ങി പ്രവേശനം നടത്താതിരുന്നാൽ മതി. അലോട്ട്മെന്റ് നൽകാം. രണ്ടാമത്തെ അലോട്ട്മെന്റ് കൊടുക്കുമ്പോഴേക്കും ഈ പറയുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിച്ചാൽ ഇതിൽ തിരുത്തലുകൾ വരുത്തി പ്രവേശിപ്പിക്കുന്നതിനു പകരം മൂന്നു നാല് സ്വാശ്രയ മാനേജ്മെന്റുകൾക്കുവേണ്ടി കേരളത്തിലെ പ്രൊഫഷണൽ ഡിഗ്രി വിദ്യാഭ്യാസ രംഗം മുഴുവൻ താളംതെറ്റിയ അവസ്ഥയിൽ എത്തിച്ചിരിക്കുന്നു. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ സർക്കാരുമായി ഒപ്പുവച്ച 11 മെഡിക്കൽ കോളേജുകളിൽ ആകെയുള്ളത് അവിടുത്തെ 580 മാനേജ്മെന്റ് സീറ്റാണ്. ഇവിടെ അവർ ഒരു പ്രവേശന പരീക്ഷ നടത്തി. എത്ര പേരാണ് അതിൽ പങ്കെടുത്തതെന്നറിയാമോ? അത് നിങ്ങൾ അറിഞ്ഞിരിക്കണം പതിനൊന്ന് മെഡിക്കൽ കോളേജുകളിലെ 580 മാനേജ്മെന്റ് സീറ്റുകളിലേക്ക് സുപ്രീംകോടതി നിർദ്ദേശിച്ച പ്രവേശന പരീക്ഷ എഴുതിയത് 720 പേരാണ്. കാരണം ഈ സർക്കാരുമായി കരാറിൽ ഒപ്പുവച്ച സ്വാശ്രയ മെഡിക്കൽകോളേജുകളിലെ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ കിട്ടണമെങ്കിൽ, അല്ല പ്രവേശന പരീക്ഷ എഴുതുന്നതിനുള്ള ഫോം കിട്ടണമെങ്കിൽ പത്ത് ലക്ഷം രൂപ കയ്യിൽ വച്ചുകൊടുക്കണം. ബഹുമാനപ്പെട്ട മെമ്പർമാർ നോക്കണം. വെബ്സൈറ്റിൽ ഫോം ഉണ്ട്. പക്ഷെ വെബ്സൈറ്റിൽനിന്ന് ഫോം ഡൗൺലോഡ് ചെയ്യാൻ പറ്റില്ല. ഡൗൺലോഡ് ചെയ്യാൻ പറ്റാത്ത രീതിയിലാണ് വെബ്സൈറ്റിൽ പ്രവേശന പരീക്ഷയുടെ വിശദാംശങ്ങൾ കൊടുത്തിരിക്കുന്നത്. കോളേജിൽ ചെന്നാൽ പ്രവേശന പരീക്ഷയ്ക്കുള്ള ആപ്ലിക്കേഷൻ ഫോം കിട്ടണമെങ്കിൽ പത്ത് ലക്ഷം രൂപ കൊടുക്കാതെ കിട്ടില്ല. ഇവിടെ 720 പേർ പരീക്ഷ എഴുതിയപ്പോൾ കർണ്ണാടകത്തിൽ റിലീജിയസ് ആന്റ് ലിംഗ്വിസ്റ്റിക് മൈനോറിറ്റി അസോസിയേഷൻ നടത്തിയ പ്രവേശന പരീക്ഷയിൽ കേരളത്തിൽനിന്ന് അയ്യായിരം പേർ പങ്കെടുത്തു. കോമഡ് എന്നുപറയുന്ന എഞ്ചിനീയറിംഗ് മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷൻ കർണ്ണാടകയിൽ നടത്തിയ പരീക്ഷയിൽ ഇരുപത്തിഅയ്യായിരം പേർ പങ്കെടുത്തു. കേരളത്തിലെ സർക്കാരുമായി ഒപ്പുവച്ച സ്വാശ്രയ മെഡിക്കൽകോളേജുകളിൽ പ്രവേശന പരീക്ഷയെഴുതാൻ 580 സീറ്റിലേക്ക് 720 പേരാണ് ഉണ്ടായിരുന്നത്. പ്രവേശന പരീക്ഷ എന്ന പ്രഹസനത്തെ ഈ സർക്കാർ പിൻതുണയ്ക്കുകയാണ്. ഇവിടെ പ്രവേശനം ലഭിക്കുന്നവർക്ക് മാറിപ്പോകണമെങ്കിൽ നാലു വർഷത്തെ ഫീസ് പിഴയായി ചുമത്തും. ഞാൻ ഒന്നും പ്രകോപിപ്പിക്കാൻ പറഞ്ഞില്ലല്ലോ? കേരളത്തിലെ സ്വാശ്രയ-പ്രൊഫഷണൽ മാനേജ്മെന്റുകൾ നടത്തുന്ന കോളേജുകളിലെ അഡ്മിഷൻ സംവിധാനത്തെ മുഴുവൻ തകിടം മറിച്ചിരിക്കുന്നു. എത്ര നന്നായി പഠിച്ചിട്ടെന്തു കാര്യം. മനസ്സിൽ ആധിയും ഉള്ളിൽ തീയുമായി ആയിരക്കണക്കിന് വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും നെട്ടോട്ടം ഓടുകയാണ്. സർക്കാരുമായി കരാർ ഒപ്പിട്ട മാനേജ്മെന്റുകൾക്ക് ലക്ഷക്കണക്കിന് രൂപ കോഴ വാങ്ങാനുള്ള അവസരം സർക്കാർ ഉണ്ടാക്കിയിരിക്കുന്നു. അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങളുമായി കരാറിൽ ഒപ്പുവച്ചുകൊണ്ട് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം മുഴുവൻ അലങ്കോലമാക്കിയ ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ ആദ്യമേ പറഞ്ഞു ഇത് ഇവിടെ ഉന്നയിക്കേണ്ട പ്രശ്നമാണ്. ഇത് ഭരണപക്ഷത്തിന്റേയും പ്രതിപക്ഷത്തിന്റേയും ഒരു പ്രശ്നമല്ല. പ്രതിപക്ഷം ഇവിടെ പ്രകടിപ്പിച്ച ആശങ്കയിൽ സർക്കാരും പങ്ക് ചേരുന്നു. ഇതിൽ ഒരു വീഴ്ച സംഭവിച്ചതെങ്ങനെയാണ്. സംസ്ഥാന സർക്കാരിന് അതിൽ എന്തെങ്കിലും പങ്കുണ്ടോ? അത് മാത്രമാണ് നമ്മൾ പരിശോധിക്കേണ്ടത്. അല്ലാതെ വാദ പ്രതിവാദത്തിന്റെ വിഷയമല്ല. ഇവിടെ ഇപ്പോൾ വന്ന പുതിയ പ്രശ്നം എങ്ങനെയുണ്ടായി. ഇത് പുതിയ പ്രശ്നമാണ്. അങ്ങ് മനസ്സിലാക്കണം. കഴിഞ്ഞ വർഷം മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഉണ്ടായിരുന്ന കോളേജുകൾക്കാണ്. ഈ വർഷം അംഗീകാരം പിൻവലിച്ചത്. അങ്ങനെയുള്ള അസാധാരണമായിട്ടുള്ള പ്രശ്നമാണ് വന്നിരിക്കുന്നത്. അത് വന്നാൽ നമ്മുടെ ഭാഗത്ത് കൂടുതൽ ജാഗ്രത കാണിച്ചുകൊണ്ട് ഇതിന് പരിഹാരം കാണണം. കുട്ടികൾക്കും രക്ഷകർത്താക്കൾക്കും യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത തരത്തിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ? അതാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത് സ്വാശ്രയ മെഡിക്കൽ കോഴ്സുകളുടേയും മാനേജ്മെന്റിന്റേയും കാര്യമൊന്നും ഇവിടെ ചർച്ചക്ക് വിധേയമാക്കുന്നില്ല. ശ്രീ. വി. ഡി. സതീശൻ ഇടയ്ക്കിടയ്ക്ക് ചില കാര്യങ്ങൾ പറഞ്ഞുവെങ്കിലും അത് വരുത്തിവച്ച വിനയാണെന്ന് നമുക്കറിയാമല്ലോ? അതിന്റെ ഉറവിടം എവിടെയാണ് ആരാണ് എന്നൊന്നും ഞാൻ പറയുന്നില്ല. ഏതായാലും ഇത് ഒരു സാമൂഹിക യാഥാർത്ഥ്യമാണ്. അതുൾക്കൊണ്ട് ഒരു സംസ്ഥാന സർക്കാരിന്റെ നിയമപരമായ ഭരണഘടനാപരമായിട്ടുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാധ്യമായ കാര്യങ്ങളെല്ലാം ഈ സർക്കാർ കഴിഞ്ഞ നാലു വർഷക്കാലം കൊണ്ട് ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി എം.ബി.ബി.എസ്., ആയുർവ്വേദം, ഹോമിയോ, സിദ്ധ, അഗ്രിക്കൾച്ചർ തുടങ്ങിയ മെഡിക്കൽ രംഗത്തെ അലോട്ട്മെന്റുകളുടെ പ്രശ്നമാണ് വന്നിട്ടുള്ളത്. ഇതിൽ എം.ബി.ബി.എസ്.-ന്റെ കാര്യത്തിൽ ഇപ്പോൾ അംഗീകാരം ലഭിച്ച പതിനൊന്ന് സ്വാശ്രയ കോളേജുകളിലും അഞ്ച് സർക്കാർ കോളേജുകളിലും അലോട്ട്മെന്റ് നടത്താൻ ആവശ്യമായ എല്ലാ നടപടികളും ഡിപ്പാർട്ടുമെന്റ് പൂർത്തീകരിച്ച് എൻട്രൻസ് കമ്മീഷണർ നടപടി ആരംഭിച്ചു കഴിഞ്ഞു. ഡന്റൽ കോളേജിൽ ഇപ്പോൾ അലോട്ട്മെന്റിന് യാതൊരു തടസ്സവുമില്ലെന്നുള്ള കാര്യം ഞാൻ അറിയിക്കട്ടെ. മൂന്ന് സർക്കാർ കോളേജുകളാണുള്ളത്. ഇവർക്ക് അലോട്ട്മെന്റിന് തടസ്സമില്ല. ആയുർവ്വേദ കോളേജുകളിൽ ശ്രീ. വി. ഡി. സതീശൻ പറഞ്ഞ പ്രസക്തമായ പ്രശ്നമുണ്ട്. ആയുർവ്വേദ കോളേജുകളിലെ പ്രശ്നം വളരെ ഗൗരവമായി കണ്ടുകൊണ്ട് ആരോഗ്യമന്ത്രി തന്നെ കേന്ദ്ര ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി ഇപ്പോൾ എനിക്ക് ഡൽഹിയിൽ നിന്ന് അറിയാൻ സാധിച്ചത് ഗവൺമെന്റ് മേഖലയിലെ രണ്ട് ആയുർവ്വേദ കോളേജുകൾക്ക് അംഗീകാരം ലഭിച്ചു എന്നാണ്. ഇതിനുവേണ്ടി ഇരുപത്തിനാല് മണിക്കൂറും ജാഗ്രതയോടുകൂടിയാണ് സർക്കാരും എൻട്രൻസ്



LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണറും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് ഒരു പ്രയോറിറ്റിയുണ്ട്. എം.ബി.ബി.എസ്. കഴിഞ്ഞാൽ ബി.ഡി.എസ്. അത് കഴിഞ്ഞ് ബി.എ.എം.എസ്. അങ്ങനെയാണ് പോയ്ക്കൊണ്ടിരിക്കുന്നത്. ആ രൂപത്തിലുള്ള ഓർഡർ പാലിക്കേണ്ടതായിട്ടുണ്ട്. എന്നാലും ഇതിൽ വന്നിട്ടുള്ള ഗുരുതരമായ ആശങ്ക നിലനിൽക്കുകയാണ്. അത് പരിഹരിക്കുന്നതിന്, സാധ്യമായിട്ടുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. സെപ്റ്റംബർ 30 വരെ അലോട്ട്മെന്റിന് സമയമുണ്ട്. അതുകൊണ്ട് കാലവിളംബം വരുത്താൻ ഉദ്ദേശിക്കുന്നില്ല. കാലവിളമ്പം വരുത്താതെതന്നെ വളരെ ജാഗ്രതയോടുകൂടി ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ട് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു. ഇത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. -

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞ ഒരു കാര്യമുണ്ടല്ലോ. എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ വാങ്ങിക്കുന്നതിന് പത്ത് ലക്ഷം രൂപ കൊടുക്കേണ്ടി വരുന്നു എന്നുള്ളതിനെ സംബന്ധിച്ച് കൂടി അന്വേഷിക്കണം.

ശ്രീ. എം. വിജയകുമാർ: അങ്ങ് കൂടി പറഞ്ഞ സ്ഥിതിക്ക് അത് പ്രത്യേകം സംസ്ഥാന സർക്കാർ പരിശോധിക്കും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്ററുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് ഒരു സാമൂഹ്യ യാഥാർത്ഥ്യമാണ്, അതൊരു ഗുരുതരമായ പ്രശ്നമാണ്, അതിൽ ആശങ്കയുണ്ട് എന്നൊക്കെയാണ് മന്ത്രിയുടെ മറുപടിയിൽ പറഞ്ഞത്. സാമൂഹ്യയഥാർത്ഥ്യം ഇവിടെ ചർച്ച ചെയ്തില്ലെങ്കിൽപ്പിന്നെ എവിടെയാണ് ചർച്ച ചെയ്യുന്നത്? ഇവിടെ യഥാർത്ഥ്യമല്ലാത്ത കാര്യങ്ങളാണോ ചർച്ച ചെയ്യേണ്ടത്? അങ്ങ് എല്ലാ നടപടികളുമെടുക്കുമെന്ന് പറഞ്ഞു. ആദ്യത്തെ വർഷമായിരുന്നെങ്കിൽ ഞങ്ങൾ അതുകൊണ്ട് തൃപ്തിപ്പെടുമായിരുന്നു. ഇത് അഞ്ചാമത്തെ വർഷമാണ്. സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള അഡ്മിഷൻ സംബന്ധിച്ച പ്രശ്നങ്ങളൊക്കെ അനിശ്ചിതാവസ്ഥയിലാണ്. അങ്ങ് പറയുന്നു ഇതൊരു പുതിയ പ്രശ്നമാണെന്ന്, ബഹുമാനപ്പെട്ട മന്ത്രി, നാലാമത്തെ അലോട്ട്മെന്റ് കഴിഞ്ഞാൽ മാറിപ്പോകുന്ന കുട്ടികൾ മുഴുവൻ ഫീസും കൊടുക്കണമെന്നത് എ.ഐ.സി.ടി.യോ മെഡിക്കൽ കൗൺസിലോ മുന്നോട്ടുവച്ച വ്യവസ്ഥയാണോ? സംസ്ഥാന ഗവൺമെന്റ് എഗ്രിമെന്റ് വച്ചതാണ്. ഇത് ആരെ സഹായിക്കാനാണ്? ഭരണകക്ഷിയിലിരിക്കുന്ന എം.എൽ.എ.മാരും ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചിന്തിക്കണം. വേറെ സ്വാധീനമൊന്നും ഉപയോഗിച്ചല്ല, കുട്ടിയുടെ മെറിറ്റ് അനുസരിച്ച് ഹയർ ഓപ്ഷൻ കിട്ടിയാൽ ആ കുട്ടിക്കോ അല്ലെങ്കിൽ രക്ഷകർത്താവിനോ ഇഷ്ടപ്പെട്ട കോളേജിലേയ്ക്ക് പോകണമെങ്കിൽ മുഴുവൻ ഫീസും അടയ്ക്കണമെന്ന് ഈ ഗവൺമെന്റാണ് ഒപ്പുവച്ചത്. ഒപ്പിട്ട പ്പോൾതന്നെ ഞങ്ങൾ ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. ഇത് വിദ്യാർത്ഥികളുടെ ഇടയിലും രക്ഷകർത്താക്കളുടെ ഇടയിലും വലിയ ആശങ്കയുള്ള പ്രശ്നമാണ്. മെറിറ്റിന്റെ പേരിൽ, അർഹതയുടെ പേരിൽ ഹയർ ഓപ്ഷൻ കിട്ടിയാൽ നാല് വർഷത്തെ മുഴുവൻ ഫീസും അടയ്ക്കണമെന്ന് പറഞ്ഞാൽ ഗവൺമെന്റുമായി കരാർ വച്ച കോളേജുകൾക്ക് വഴിവിട്ട് എന്തും ചെയ്യാനുള്ള അവസരം കൊടുക്കുന്നു എന്നുള്ളതാണ്. അതാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചതും അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതും. കേരളത്തിൽ 550 മെഡിക്കൽ സീറ്റിനുവേണ്ടി 720 പേർ മാത്രമേ അപേക്ഷ കൊടുത്തുള്ളൂ എന്നു പറഞ്ഞാൽ ഇത് വിശ്വസിക്കാൻ പറ്റുമോ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : പ്രവേശന പരീക്ഷാ ഫോം ലഭിക്കുന്നതിന് പത്തുലക്ഷം രൂപ വാങ്ങുന്നതിനെക്കുറിച്ച് വേറെയാരും അന്വേഷിക്കേണ്ട. ഇവിടിരിക്കുന്നവരുടെയൊക്കെ പരിചയക്കാരുടേയും ബന്ധുക്കളുടേയുമൊക്കെ കുട്ടികൾ ആ പരീക്ഷ എഴുതിയിട്ടുണ്ട്. അവരോട് അങ്ങുതന്നെ ചോദിച്ചാൽ മതി. അങ്ങേക്ക് പരിചയമുള്ളവരും കാണും. 500-ൽപ്പരം സീറ്റുകൾക്കുവേണ്ടി 720 പേർ മെഡിക്കൽ കോളേജിലേക്ക് അപേക്ഷിക്കുക, പരീക്ഷയെഴുതുക എന്നു പറഞ്ഞാൽ അതൊരു അത്ഭുത പ്രതിഭാസമാണ്. ഗവൺമെന്റുമായി കരാർ വച്ച കോളേജുകൾക്കുവേണ്ടി എന്തും ചെയ്യുന്നതിന് ഈ ഗവൺമെന്റ് തയ്യാറാകുമെന്നതിന്റെ വ്യക്തമായ ഉദാഹരണമാണിത്. നാലാമത്തെ അലോട്ട്മെന്റ് കഴിഞ്ഞാൽ മുഴുവൻ ഫീസും കെട്ടണം. അവർ നടത്തുന്ന പരീക്ഷയ്ക്കുള്ള ഫോം കിട്ടണമെങ്കിൽ ഒരു വലിയ തുക നേരത്തെതന്നെ അടയ്ക്കണം. ഇതൊക്കെ ഈ വർഷത്തെ പുതിയ സംഭവവികാസമാണ്, മെഡിക്കൽ കൗൺസിലിൽ നടന്ന അഴിമതിയാണ് ഇതിനൊക്കെ കാരണം എന്നൊക്കെയാണ് പറയുന്നത്. മെഡിക്കൽ കൗൺസിലിൽ നടന്ന വളരെ തെറ്റായിട്ടുള്ള പല കാര്യങ്ങളിലും കർശനമായ നടപടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇന്ന് അതിന്റെ തലവൻ അകത്തു കിടക്കുകയാണ്. ഇത് യാതൊരു ദയാദാക്ഷിണ്യവുമില്ലാത്ത നടപടിയാണ്. അതിന്റെ പേരിൽ ഇവിടെയുള്ള കുട്ടികളെ ശിക്ഷിക്കണോ? ഡെന്റൽ കോളേജിലെ അഡ്മിഷനുള്ള തടസ്സങ്ങൾ നീങ്ങിയെന്നേ അങ്ങ് പറഞ്ഞുള്ളൂ. അവിടെ അലോട്ട്മെന്റ് ആയെന്ന് പറഞ്ഞില്ല. ആയുർവേദ കോളേജിലേയ്ക്കുള്ള അലോട്ട്മെന്റ് ആയിട്ടില്ല. സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള അഡ്മിഷൻ അഞ്ചാം വർഷവും നിങ്ങൾ കുഴപ്പത്തിലാക്കിയിരിക്കുകയാണ്. അതിനൊക്കെ പുറമെ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരുമായി ഒപ്പുവച്ചാൽ അവർക്കിവിടെ എന്തുമാകാം എന്ന സ്ഥിതിയാണ് വന്നിരിക്കുന്നത്. ആ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 500-ൽപ്പരം സീറ്റുകളിലേയ്ക്ക് 720 അപേക്ഷകളേ കിട്ടിയുള്ളു, അതേപ്പറ്റി അന്വേഷിച്ച് നടപടിയെടുക്കാമെന്നാണ്. 720 അപേക്ഷകളേ കിട്ടിയുള്ളു. അതിൻമേൽ എന്ത് നടപടിയാണ് എടുക്കുന്നത്? ആർക്കെതിരെയാണ് നടപടിയെടുക്കുന്നത്? അതിന്റെ അർത്ഥമെന്താണ്? സർക്കാരുമായി ഒപ്പിട്ട സ്വാശ്രയ കോളേജുകളിലെ അഡ്മിഷൻ രംഗത്ത് നിലനിൽക്കുന്ന അനിശ്ചിതത്വത്തിന്റെ ഫലമായിട്ടാണ് അപേക്ഷകൾ കുറഞ്ഞത്. വിശ്വാസ്യതയുടെ കുറവുകൊണ്ടാണ് അപേക്ഷകൾ കുറഞ്ഞത്. അക്കാര്യം മനസ്സിലാക്കാതെ വെറുതെ അന്വേഷിച്ച് നടപടിയെടുക്കാമെന്ന് പറഞ്ഞിട്ട് എന്താണ് കാര്യം? ഇപ്പോൾ അങ്ങുതന്നെ ആശങ്ക പ്രകടിപ്പിച്ചു. സർക്കാരുമായി ഒപ്പിട്ട കോളേജുകളിൽ ഒരു അപേക്ഷ കിട്ടുന്നതിന് പത്തുലക്ഷം രൂപവരെ വാങ്ങിയത് സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറാണോ? ഗവൺമെന്റ് പറയട്ടെ. ഇത് വളരെ ഗുരുതരമായ പ്രശ്നമല്ലേ? കാഷ്വലായി മന്ത്രി ഇതേപ്പറ്റി അന്വേഷിക്കാമെന്ന് പറഞ്ഞതുകൊണ്ട് ആയോ? ഒരു അപേക്ഷാഫോറം വാങ്ങുന്നതിന് പത്തുലക്ഷം രൂപ വാങ്ങുന്നു എന്നുപറഞ്ഞാൽ വളരെ ഗുരുതരമായ അഴിമതി അല്ലേ? ഇതേപ്പറ്റി അന്വേഷിക്കേണ്ടേ? കാഷ്വലായി പറഞ്ഞുവിട്ടാൽ മതിയോ? ഞാൻ ചോദിക്കട്ടെ, കരാർ ഒപ്പിട്ട കോളേജുകൾക്ക് അംഗീകാരമില്ലാത്തതുകൊണ്ട് കുട്ടികൾ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് ഓപ്ഷൻ കൊടുത്ത് അവിടെ പ്രവേശനം വാങ്ങി. മെഡിക്കൽ കോളേജിന് അംഗീകാരം കിട്ടിക്കഴിയുമ്പോൾ നാല് അലോട്ട്മെന്റ് കഴിഞ്ഞിട്ടാണെങ്കിൽപ്പോലും എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് തിരിച്ചുവരാനുള്ള മൗലികാവകാശമില്ലേ? അവർക്ക് തിരിച്ചുവരണമെങ്കിൽ നാലുവർഷത്തെ ഫീസ് മുഴുവൻ ഒന്നിച്ച് അടയ്ക്കണം എന്നുള്ള വ്യവസ്ഥ കാട്ടുനീതിയല്ലേ? കുട്ടികളെ തടവറയിൽ വച്ചിരിക്കുകയല്ലേ? തടങ്കലിൽ വയ്ക്കുന്ന ഒരു നിയമമല്ലേ അത്? കുട്ടികളെ ദ്രോഹിക്കുന്ന ഒരു നിയമമല്ലേ? അതിന് ആരാണ് കുറ്റക്കാർ? ഇതിന്റെ പ്രതികൾ ഗവൺമെന്റല്ലേ? ഈ കോളേജുകളുമായി ഒത്തുകളിച്ച് അവർക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുത്തുകൊണ്ട് നിങ്ങൾ അഴിമതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുനിന്നു. നാലുവർഷത്തെ ഫീസ് ഈടാക്കുന്ന ക്രൂരമായ നടപടിക്ക് നിങ്ങൾ കൂട്ടുനിന്നു, നിങ്ങൾ ഒപ്പുവച്ചു. അതിന് കുറ്റം പറയേണ്ടത് നിങ്ങളെയാണ്. അതുകൊണ്ട് നീചമായ നിലയിലുള്ള സമീപനം സ്വീകരിക്കുന്ന, നടപടി സ്വീകരിച്ചിട്ടുള്ള ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. .

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ കാര്യത്തിൽ ഒരു താത്പര്യവുമില്ലാത്ത ഒരു ഗവൺമെന്റാണ് സംസ്ഥാനം ഭരിക്കുന്നത്. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ തിരിമറിക്ക് കേന്ദ്ര ഗവൺമെന്റ് എത്ര ശക്തമായിട്ടാണ് നടപടി സ്വീകരിച്ചത്? അതേ അവസരത്തിൽ നമ്മുടെ സംസ്ഥാനത്ത് നേരത്തെ സൂചിപ്പിച്ചതുപോലെ 550 സീറ്റിലേക്ക് 720 പേർ മാത്രമാണ് പരീക്ഷയെഴുതാൻ തയ്യാറായത്. ഇത്തരത്തിലുള്ള എൻട്രൻസ് പരീക്ഷയുടെ അപേക്ഷാ ഫോറത്തിനുപോലും പത്തുലക്ഷം രൂപ നൽകേണ്ടിവരുന്നത് നമുക്ക് എങ്ങനെ അംഗീകരിക്കാൻ കഴിയും? ഇതേക്കുറിച്ച് സമഗ്രമായ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തി ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവന്ന് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നടപടിപോലെ സംസ്ഥാന ഗവൺമെന്റും ഈ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണം. നാലാമത്തെ അലോട്മെന്റ് കഴിഞ്ഞാൽ മുഴുവൻ ഫീസും കൊടുക്കണമെന്നുള്ള ഗവൺമെന്റിന്റെ തീരുമാനം ഒരിക്കലും നീതീകരിക്കാൻ കഴിയില്ല. സ്വകാര്യ മെഡിക്കൽ കോളേജുകളെ സഹായിക്കുന്ന തരത്തിലുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അന്യസംസ്ഥാനങ്ങളിലെ സ്വകാര്യ മെഡിക്കൽ കോളേജുകളെ സഹായിക്കാൻ വേണ്ടിയാണ് ഈ താമസം വരുത്തുന്നത്. ഈ കാര്യത്തിൽ ഗവൺമെന്റ് വിദ്യാർത്ഥികളോട് നീതികാണിക്കുന്നില്ല. സ്വകാര്യ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുമ്പോൾ ഇതുസംബന്ധിച്ച് കക്ഷി നേതാക്കളുമായോ വിദ്യാർത്ഥി പ്രതിനിധികളുമായോ ഒരു കൂടിയാലോചന പോലും നടത്താൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. അതുകൊണ്ട് തന്നെ ഒരുപാട് പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. വിദ്യാർത്ഥികളുടെ കാര്യത്തിൽ ഒരു താത്പര്യവുമെടുക്കാത്ത ഗവൺമെന്റാണിത്. ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഇത് ചർച്ച ചെയ്യാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വോക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി)

LIBRARY ARCHIVES Kerala Legislative Assembly